മേയ്	-	38,167/-രൂപ
ജൂൺ	-	33,522/-രൂപ
ആഗസ്റ്റ്	-	38,137/-രൂപ
സെപ്റ്റംബർ	-	30,543/-രൂപ
ഒക്ടോബർ	-	31,480/-രൂപ
നവംബർ	-	33,782/-രൂപ

(സി) 1,08,000 രൂപ.

(ഡി) ഇല്ല. ഇപ്പോൾ തന്നെ മതിയായ കാഷ് ഡിപ്പോസിറ്റ് ഈ ഉപ ഭോക്താവിനുണ്ട്.

127 (1036) സഹകരണ അക്കാദമിയുടെ കീഴിൽ ഏറണാകുളത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജ്

ശ്രീ. കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അക്കാദമിയുടെ കീഴിൽ എറണാകുളത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതിന്റെ അംഗീകാരത്തിനായി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന് അപേക്ഷയും ആവശ്യമായ മറ്റു രേഖകളും നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ കൗൺസിലിൽ നിന്നും ലഭിച്ച മറുപടി വ്യക്തമാക്കുമോ;

(ഡി) ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) സഹകരണ അക്കാദമിയുടെ കീഴിൽ എറണാകുളത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യലാഫീസറെ നിയമിക്കുകയും, എറണാകുളത്ത് ഒരു ആഫീസ് തുറക്കുകയും ചെയ്തു. ടി കോളേജിന് വേണ്ടി സർക്കാർ അനുവദിച്ച സ്ഥലം അക്കാദമി ഏറ്റെടുത്തു. ഇവിടെ കോളേജിനാവശ്യമായ കെട്ടിട നിർമ്മാണത്തിനായി സർവേ നടത്തി മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. കോളേജിനോടനുബന്ധിച്ച് ഉണ്ടായിരിക്കേണ്ട നിശ്ചിത സൗകര്യങ്ങൾ ഉള്ള ആശുപത്രി കോളേജാവശ്യത്തിലേക്ക് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധനകൾ നടന്നു വരുന്നു.

(ബി&സി)ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് ആവശ്യമായ രേഖകൾ തയ്യാറാക്കി വരുന്നു. രേഖകൾ സജ്ജമാകുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതാണ്.

(ഡി) അടുത്ത അദ്ധ്യയന വർഷം മുതൽ.

LIBRARY ARCHIVES Kerala Legislative Assembly